# കണക്കുപുസ്തകങ്ങളിലില്ലാത്തത്

കെ. ആർ. ഇന്ദിര



ആദിയിൽ വാനവും ഭൂമിയും വായുവും വെള്ളവും രാവും പകലും സൃഷ്ടിച്ചു കഴിഞ്ഞ് കർത്താവ് പുരുഷനെ സൃഷ്ടിച്ചു; ഈ ഭൂമിയിലുള്ള സർവ്വചരാചരങ്ങളെയും അടക്കി വാണുകൊള്ളാൻ അവന് അധികാരവും നൽകി.

ചത്തും കൊന്നും നേടിക്കൊള്ളാൻ സാമന്തർക്ക് അധികാരം നൽകിയ രാജാവും ഇതു തന്നെയാണ് ചെയ്തത്. അങ്ങനെ കീഴടക്കിയതൊക്കെ മുറുകെപ്പിടിച്ച് ഈ ഭൂമി വിട്ടുപോവാൻ മനസ്സില്ലാതെ അള്ളിപ്പിടിച്ചിരിയ്ക്കാൻ മനുഷ്യൻ ശ്രമിയ്ക്കുന്നു.

ഭാരതീയ തത്വചിന്തയും ഇതിഹാസകഥകളും പഠിപ്പിയ്ക്കുന്ന വ്യത്യസ്തമായ ഒരു പാഠമുണ്ട്. ഗാർഹസ്ഥ്യം കഴിഞ്ഞ് വാനപ്രസ്ഥത്തിനിറങ്ങുന്ന കാരണവൻമാരുടെ നിഷ്ഠയെക്കുറിച്ചുള്ളതാണ് അത്. വാനപ്രസ്ഥം കഴിഞ്ഞ് സന്യാസവും സന്യാസത്തിനൊടുവിൽ ദേഹത്യാഗവുമാണ് ആ പാഠത്തിലെ വിധി. പതിനെട്ട ക്ഷൗഹിണിയുമായി പതിനെട്ടുനാൾ പടപൊരുതി രാജ്യം നേടിയ പാണ്ഡവർ പരീക്ഷിത്തിനെ വാഴിച്ച് വാനപ്രസ്ഥത്തിനിറങ്ങിയതായി മഹാഭാരതം പറയുന്നു. ചാവിനും കൊലയ്ക്കുശേഷം രാജ്യം ത്യജിയ്ക്കുന്ന ഈ ഏർപ്പാടിനേക്കാൾ മെച്ചപ്പെട്ട രീതികളൊന്നുമില്ലേ? എന്തിനാണ് പിടഞ്ഞും പാഞ്ഞുമുള്ള ഈ ജീവിതം? അതുകൊണ്ട് എന്താണ് നാം നേടുന്നത്? ടോൾസ്റ്റോയിയുടെ ഒരു കഥയുണ്ടല്ലോ. "ഒരാൾക്ക് എത്ര ഭൂമി വേണം" എന്ന കഥ. നടന്നെത്താവുന്നിടത്തോളം ഭൂമി അളന്നെടുത്തോളാനാണ് അയാളോടു പറഞ്ഞിരുന്നത്. അയാൾ ആർത്തിപൂണ്ട് പിന്നെയും പിന്നെയും ഓടി നടന്നു. ഒടുവിൽ നടപ്പിന്റെ വട്ടം പൂർത്തീകരിയ്ക്കാനാവാതെ വീണു മരിയ്ക്കുകയും ചെയ്തു. അയാൾ നേടിയത് ഒരു വർത്തുളരേഖ മാത്രം. ജ്യോമെട്രിയിലെ രസം മാത്രമല്ല ഈ കഥയ്ക്കുള്ളത്. രണ്ടറ്റം കൂട്ടിമുട്ടിയ്ക്കാനാവാതെ സ്ഥിരമായി കൊണ്ടിരിയ്ക്കുന്ന മനുഷ്യന്റെ സൂചകമാണിത്. മനുഷ്യന്റെ അനന്തമായ ആർത്തിയെ ചൂണ്ടിക്കാണിയ്ക്കുമ്പോഴുണ്ടാകുന്ന രസം കൂടിയാണിത്. ഒടുവിൽ ടോൾസ്റ്റോയി പറയുന്നത് ഒരാൾക്ക് ആറടിമണ്ണേ വേണ്ടൂ എന്നാണ്. ടോൾസ്റ്റോയിയെപ്പോലുള്ള ഒരു പ്രതിഭാശാലിയ്ക്ക് ഈ ലോകത്ത് ജീവിയ്ക്കാൻ ആറടിമണ്ണേ വേണ്ടൂ. പക്ഷെ, സാധാരണക്കാർക്ക് അൽപം കൂടി ലിബറലായ അളവുകൾ നൽകേണ്ടിവരും.

ഈ ലിബറലിസം കൊണ്ടൊന്നും പക്ഷെ നമ്മൾ തൃപ്തരാവാനുദ്ദേശിയ്ക്കുന്നില്ല. അധികാരത്തിലിരിയ്ക്കുമ്പോൾ ആയിരം കോടി നേടാത്തവൻ പിന്നെ വാഴുന്നതെങ്ങനെ? അതാണ് ഇന്ത്യക്കാരന്റെ ശരാശരി ആർത്തി. അതിൽക്കുറഞ്ഞവനെ വിഡ്ഢിയായാണ് കരുതുന്നത്.

ഇപ്രകാരം ആർത്തി മുദ്രയാക്കിയ ഒരു ജനതയ്ക്ക് വെറുതെ കളയാൻ സമയമുണ്ടാവില്ല. സ്വാഭാവികമായും വികലാംഗരും മന്ദബുദ്ധികളുമായ മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും അനാഥമന്ദിരത്തിലാക്കി മുന്നോട്ടുകുതിയ്ക്കുന്ന യുവാക്കളെയും മദ്ധ്യവയസ്ക്കരെയും ഭീതിയോടെ കണ്ടു നിൽക്കുന്ന ഒരു ന്യൂനപക്ഷമെങ്കിലും ഇപ്പോൾ ഇവിടെയുണ്ട്. പക്ഷെ, ആ ന്യൂനപക്ഷത്തിൽ അംഗസംഖ്യ കുറഞ്ഞുകൊണ്ടിരിയ്ക്കുകയാണ്.

ഒരു കാശ്കൊണ്ട് ചെലവുകഴിയ്ക്കുകയും ഒരു കാശ് പിതൃക്കളുടെ കടം വീട്ടാൻ നീക്കി വെയ്ക്കുകയും ഒരു കാശ് വരും തലമുറയ്ക്ക് ദാനം ചെയ്യുകയും ചെയ്തിരുന്ന പാക്കനാരുടെ കാലം എന്നെങ്കിലും തിരിച്ചുവരും എന്ന് വെറുതെയെങ്കിലും ഒന്നു മോഹിച്ചുകൊള്ളട്ടെയോ? മിതമായ ഭോജനവും മിതമായ സുഖവും മിതമായ ഭോഗവും അനുഭവിയ്ക്കുന്ന ഒരു ജനതയെ കിനാവു കാണട്ടെയോ? ഈ ഭൂമിയുടെ മാറിൽ ആഴത്തിലുള്ള മുറിപ്പാടുകൾ സൃഷ്ടിയ്ക്കാതെ സ്വസ്ഥവും സ്വച്ഛവുമായി കടന്നുപോവുന്ന ചിലരെ ഞാൻ സങ്കൽപ്പിയ്ക്കട്ടെയോ?

---

പ്രോഗ്രാം എക്സിക്യൂട്ടീവ്
ആകാശവാണി, തൃശൂർ

THAMBOOLAM
ചുമ, കഫകെട്ട്, ജലദോഷം
ഇവയിൽ നിന്ന്
അതിവേഗം ആശ്വാസം

ഇനിപരസ്യത്തിന്റെ ആവശ്യമില്ല അല്ലേ?
Aproduct of Kallya Ayurveda Pharmacy& Herbal Research Remedies
Kallettumkara